**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പാലക്കാട് ജില്ല – ചിറ്റൂർ താലൂക്ക്- 16.08.2018 ൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ അഞ്ച് അംഗങ്ങൾ മരണപ്പെട്ട ഒരു കുടുംബത്തിലെ, അപകടത്തിൽ നിന്നും രക്ഷപ്പെട്ട ശ്രീമതി അഖിലയ്ക്ക് ചികിത്സാ ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**ജി.ഒ. (എം.എസ്) നമ്പർ. 313/2018/റവ.** **തിരുവനന്തപുരം, തീയതി, 23.08.2018**

പരാമർശം : 18.08.2018 ലെ പാലക്കാട് ജില്ലാ കളക്ടറുടെ ഡി8-2016/37004/9 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്ക്, നെന്മാറ വില്ലേജ്, അളവുശ്ശേരിയിൽ 16.08.2018 ൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ അഞ്ച് അംഗങ്ങൾ മരണപ്പെട്ട ഒരു കുടുംബത്തിലെ, ഗുരുതരമായ പരിക്കുകളോടെ ചികിത്സയിൽ കഴിയുന്ന ആ കുടുംബത്തിലെ അംഗമായ ശ്രീമതി. അഖിലയുടെ (24 വയസ്സ്) ചികിത്സയ്ക്കായി **7,00,000/- രൂപ (ഏഴ് ലക്ഷം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2.വിതരണത്തിനാവശ്യമായി വരുന്ന **7,00,000/- രൂപ (ഏഴ് ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ചിറ്റൂർ തഹസിൽദാർക്ക് നൽകേണ്ടതും, തഹസിൽദാർ ടി തുക അടിയന്തിരമായി വിതരണം ചെയ്ത് വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**പി.എച്ച്.കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ജില്ലാ കളക്ടർ, പാലക്കാട്
തഹസിൽദാർ, ചിറ്റൂർ
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സിന്
പൊതുഭരണ (എസ്. സി.) വകുപ്പ്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**